മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 24

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ ഏകജാലക പ്രവേശനം : ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ / എയ്ഡഡ് / സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു, പ്രവേശനത്തിനായി ഈ വർഷവും ഏകജാലക സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷയുടെ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയിതിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും അപേക്ഷയുടെ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകുകയും വേണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ടകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

ഭിന്നശേഷി/സ്പോർട്ട്സ്/ കൾച്ചറൽ ക്വോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കും ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന സർവ്വകലാശാല കേന്ദ്രീകൃതമായി നടത്തുന്നതുമായിരിക്കും.

അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതായുണ്ട്.

രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി. വിഭാഗത്തിന് 400 രൂപയും മറ്റുള്ളവർക്ക് 800 രൂപയുമാണ്. ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ക്യാപ് സംബന്ധമായ എല്ലാ വിശദ വിവരങ്ങളും cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

( പി.ആർ.ഒ./39/778/2022)

## വായനാ വാരാചരണം: മത്സര വിജയികൾ

വായനാ വാരാചരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ ' വായനാനുഭവം പങ്കുവെക്കൽ മത്സരത്തിൽ കല്യാണി രാജേഷ് (കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മാന്നാനം) ഒന്നാം സ്ഥാനവും അലാമി അനീഷ്, ഐറിൻ എൽസ ജെയിംസ് (ഹോളി ക്രോസ്സ് ഹയർ സെക്കന്ററി സ്കൂൾ, തെള്ളകം) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

നേരത്തെ വായനാ വാരാചരണ പരിപാടികൾ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ്മ നിർവ്വഹിച്ചു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ പ്രൊഫസർ ഡോ. ഷാജി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. പ്രശസ്ത കവിയും ബാല സാഹിത്യകാരനുമായ എം. ആർ. രേണുകുമാർ കുട്ടികളുമായി സംവദിച്ചു. പരിപാടിയിൽ സർവ്വകലാശാല ലൈബ്രേറിയൻ ഇൻ ചാർജ് ലത അരവിന്ദ് അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ ജോസഫ്, . ടി.വി സുരേഷ്കുമാർ, കെ.എസ്. സൗമ്യ എന്നിവർ സംസാരിച്ചു.

( പി.ആർ.ഒ./39/779/2022)

## പരീക്ഷാ ഫീസ്

ജൂലൈ 18 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.പി.ഇ.എസ്. നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം (2019 അഡ്മിഷൻ - റെഗുലർ / 2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ നാല് വരെയും 525 രൂപ ഫൈനോടു കൂടി ജൂലൈ അഞ്ചിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ ആറിനും അപേക്ഷിക്കാം.

( പി.ആർ.ഒ./39/780/2022)

ജൂലൈ ആറിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സര യൂണിറ്ററി) (2020 അഡ്മിഷൻ - റെഗുലർ / 2018, 2019 അഡ്മിഷൻ - സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2015 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2014 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2013 അഡ്മിഷൻ - തേർഡ് മേഴ്സി ചാൻസ്), ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) (2010 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2009 അഡ്മിഷൻ - തേർഡ് മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 28 വരെയും 525 രൂപ പിഴയോടു കൂടി ജൂൺ 29 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 30 നും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ.

( പി.ആർ.ഒ./39/781/2022)

ജൂലൈ 19 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ / 2017 അഡ്മിഷൻ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2016, 2015, 2014 അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ ആറ് വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ ഏഴിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ എട്ടിനും അപേക്ഷിക്കാം.

( പി.ആർ.ഒ./39/782/2022)

## പരീക്ഷ മാറ്റി

ജൂലൈ ആറിന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.ബി.എ. (2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് / 2015 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ്) ബിരുദ പരീക്ഷ ജൂലൈ ഏഴിലേക്ക് മാറ്റി വച്ചു.

( പി.ആർ.ഒ./39/783/2022)

## പരീക്ഷാ തീയതി

ജൂൺ ഒമ്പതിന് ആരംഭിച്ച ഏഴാം സെമസ്റ്റർ ബി.ടെക് - പഴയ സ്കീം (1997 മുതൽ 2009 വരെയുള്ള അഡ്മിഷനുകൾ - മേഴ്സി ചാൻസ്) ബിരുദ പ്രോഗ്രാമിന്റെ പ്രോസസ് ഡൈനാമിക്സ് ആന്റ് കൺട്രോൾ, ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ പരീക്ഷകൾ യഥാക്രമം ജൂലൈ 14, 18 തീയതികളിൽ നടക്കും.

( പി.ആർ.ഒ./39/784/2022)

## പരീക്ഷാ ഫലം

2021 ഒക്ടോബറിൽ നടത്തിയ എം.ബി.എ. ഒന്നാം സെമസ്റ്റർ (റെഗുലർ / റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ എട്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

( പി.ആർ.ഒ./39/785/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ